**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1320** — **12-02-2025 - ൽ മറുപടിയ്ക്ക്**

**സ്വദേശ് ദർശൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സ്വദേശ് ദർശൻ പദ്ധതി പ്രകാരം കല്ല്യാശ്ശേരി മണ്ഡലത്തിൽ ഉൾനാടൻ ജലഗതാഗത വിഭാഗം മുഖേനയും കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി മുഖേനയും നിർമ്മാണം പൂർത്തിയാക്കിയ പദ്ധതികൾ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന് കൈമാറി പൊതുജനങ്ങൾക്ക് തുറന്നുകൊടുത്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (എ) | കേന്ദ്ര സർക്കാരിന്റെ സ്വദേശ് ദർശൻ 1.0 സ്കീമിൽ ഉൾപ്പെടുത്തി അനുമതി ലഭ്യമായ മലനാട് - മലബാർ റിവർ ക്രൂയിസ് പദ്ധതി ഉൾനാടൻ ജലഗതാഗത വിഭാഗം & കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി മുഖേനയും പൂർത്തീകരിച്ചിട്ടുണ്ട്. ടി പദ്ധതികളുടെ തുടർപരിപാലനം, നടത്തിപ്പ് എന്നിവ താൽക്കാലികമായി കണ്ണൂർ ഡി.റ്റി.പി.സി.ക്ക് കൈമാറിയിട്ടുണ്ട്. ടി പദ്ധതികളുടെ തുടർ പരിപാലനവുമായി ബന്ധപ്പെട്ട ടെണ്ടർ നടപടികൾ കണ്ണൂർ ഡി.റ്റി.പി.സി മുഖേന സ്വീകരിച്ചു വരുന്നു. അവ ചുവടെ ചേർക്കുന്നു.<br><br>1. കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിൽ ഉൾനാടൻ ജലഗതാഗത വിഭാഗം മുഖേന പൂർത്തിയായ ബോട്ട് ജെട്ടികൾ<br>• മുതുകുട ബോട്ട് ജെട്ടി<br>• പട്ടുവം ബോട്ട് ജെട്ടി<br>• തെക്കുമ്പാട് ബോട്ട് ജെട്ടി<br>• താവം ബോട്ട് ജെട്ടി<br>• മാട്ടൂൽ സെൻട്രൽ ബോട്ട് ജെട്ടി<br>• വാടിക്കൽ ബോട്ട് ജെട്ടി<br>• ചെറുകുന്ന് ബോട്ട് ജെട്ടി<br>• മടക്കര ബോട്ട് ജെട്ടി<br>• മാട്ടൂൽ സൗത്ത് ബോട്ട് ജെട്ടി<br>• മുട്ടിൽ ബോട്ട് ജെട്ടി<br><br>2. കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിൽ കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി മുഖേന പൂർത്തിയായ ടൂറിസം റിലേറ്റഡ് ഇൻഫ്രാസ്ട്രക്ച്ചറുകൾ<br>• ബോട്ട് റെയ്സ് ഗാലറി മംഗലശ്ശേരി<br>• ബോട്ട് റെയ്സ് ഗാലറി പഴയങ്ങാടി |

| | | | |
|---|---|---|---|
| | | | • പേൾസ്പോട്ട് ഫ്ലോട്ടിംഗ് റെസ്റ്റോറന്റ് |

സെക്ഷൻ ഓഫീസർ